യേശു ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്യുന്നു
Jesus Resurrected And Ascended To Heaven

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture

തേൻകണം
Honey Comb

ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ.
ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്. മത്തായി 28:19,20

Go ye therefore, and teach all nations, baptizing them in the name of the Father and of the son and of the Holy Ghost teaching them to observe all things whatsoever I have commanded you and lo I am with you always even unto the end of the world. Math. 28: 19, 20

പാഠഭാഗം:- മത്തായി 28:1-15, യോഹന്നാൻ 20,21, അപ്പോ.പ്രവർത്തി 1:1-12

യേശുവിന്റെ അടക്കത്തിനു ശേഷം ശിഷ്യന്മാരും സ്നേഹിതരും ദു:ഖത്തോടെ മടങ്ങി. ഇനി എന്തു ചെയ്യണമെന്നറിയാതെ അവർ ഒരു മുറിയിൽ കഴിഞ്ഞു. പിറ്റെന്നാൾ ശബത്തായിരുന്നതിനാൽ വരുവാൻ സാധിക്കാതെയിരുന്ന സ്ത്രീകൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സുഗന്ധവർഗ്ഗവുമായി യേശുവിന്റെ കല്ലറക്കൽ എത്തി. ഗുഹപോലെയുള്ള കുഴികളാണ് കല്ലറകൾ. നമ്മുടെ നാട്ടിൽ നിന്നും വ്യത്യസ്ഥം. ഗേറ്റുപോലെ കല്ലുരുട്ടി അടച്ചുവച്ചിരിക്കും. യേശുവിന്റെ കല്ലറക്കു കാവലിനായി പടയാളികളെ വെച്ചിരുന്നു എന്നാൽ ഞായറാഴ്ച രാവിലെ സുഗന്ധവർഗ്ഗവുമായി വന്ന സ്ത്രീകൾ അത്ഭുത സ്തബ്ധരായി .എങ്ങനെ കല്ലുരുട്ടി മാറ്റും എന്ന് ആശങ്കയോടെ വന്ന അവർ കണ്ട കാഴ്ച!!! കല്ല് ആരോ ഉരുട്ടി മാറ്റിയിരിക്കുന്നു. പട്ടാളക്കാരെയും കാണാനില്ല. ഭയപ്പെട്ട അവർ കല്ലറക്കകത്തേക്കു കയറി നോക്കി. യേശുവിന്റെ ശരീരവുമില്ല. പകരം മൃതശരീരം പൊതിഞ്ഞിരുന്ന തുണികൾ മാത്രം.

അവിശ്വസനീയമായ കാഴ്ച കണ്ടു സ്തംഭിച്ചവർ നിന്നു. അതാ തിളങ്ങുന്ന വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ. അവർ അവരോടു പറഞ്ഞു. "നിങ്ങൾ ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ തിരയുന്നതെന്ത്. അവൻ ഇവിടെ ഇല്ല ഉയർത്തെഴുന്നേറ്റിരിക്കുന്നു" സ്തീകൾ ഉടനെ അവിടം വിട്ടു ഓടി ശിഷ്യന്മാരെ വിവരം അറിയിച്ചു. അവർ ഓടി കല്ലറക്കൽ വന്നു സംഭവം ശരിയെന്നറിഞ്ഞു. യേശു ശുശ്രൂഷ മദ്ധ്യേ താൻ മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കും എന്നു പറഞ്ഞതോർത്തു. യെരുശലേമിൽ നിന്നും എമ്മവുസിലേക്കു പോയ രണ്ടു ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനായി. ശിഷ്യന്മാർ ഒന്നിച്ചിരുന്ന സ്ഥലത്തും യേശു അവർക്കു പ്രത്യക്ഷനായി. പിന്നെ തിബര്യാസ് കടൽക്കരയിൽ ഇരുന്ന ശിഷ്യന്മാർക്കു താൻ വീണ്ടും പ്രത്യക്ഷനായി.

"ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയാൽ പരിശുദ്ധാത്മാവ് എന്ന കാര്യ സ്ഥനെ നിങ്ങളിലേക്ക് അയക്കും. നിങ്ങൾ ഭൂലോകത്തൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കേണം. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കോസ് 15:16,17)ശിഷ്യന്മാരെല്ലാവരും ഒലിവു മലയിൽ ഒന്നിച്ചു കൂടി നിൽക്കുമ്പോൾ യേശു അവരെ അനുഗ്രഹിച്ചു. "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യെരുശലേമിലും (വീട്ടിൽ) യഹൂദയിൽ (ചുറ്റുപാടുകളിൽ) എല്ലായിടത്തും ശമര്യയിലും(ശത്രു രാജ്യമെങ്കിലും അവിടെയും) ഭൂമിയുടെ അറ്റത്തോളവും (ലോകമെമ്പാടും) എന്റെ സാക്ഷികൾ ആകും" എന്നു പറഞ്ഞു. അവർ ആകാശത്തേക്കു നോക്കി നിൽക്കുമ്പോൾ ഒരു മേഘം വന്നു മൂടി. അവരുടെ കാഴ്ചക്കു മറഞ്ഞു. യേശു സ്വർഗ്ഗാരോഹണം ചെയ്തു. വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ നിന്നു- "യേശു സ്വർഗ്ഗത്തിലേക്കു പോയതുപോലെ തന്നെ വീണ്ടും വരും" എന്നു പറഞ്ഞു. (അപ്പോ. പ്രവർത്തി 2:11) യേശു ദൈവത്തിന്റെ വലതുഭാഗത്ത് നമുക്കായി പക്ഷവാതം ചെയ്തു ഇന്നും ജീവിക്കുന്നു.

സന്ദേശം: കർത്താവായ യേശു തന്റെ രക്തത്താൽ വിലക്കു വാങ്ങിയവരെ ചേർക്കുവാൻ വീണ്ടും വരുന്നു. ദൈവത്തെ എതിരേല്പാൻ നമുക്കു ഒരുങ്ങാം.

Bible portion: Mathew 28: 1-15 John 20, 21, Acts 1:1-12

After the burial of Jesus, the disciples and friends went back with a heavy heart. Not knowing what to do they sat in a room. The women who did not come there because of Sabbath went on the first day early morning when it was still dark to the sepulchre they had brought spices to apply on the body of Jesus. The sepulchre was like a cave in the rock. They used to roll big stones to close the cave cried here soldiers were also appointed as guards.

But these ladies were surprised! What they saw was unbelievable. The big stone had been rolled. Soldiers had disappeared. They entered and looked inside. The body of Jesus also was not there. Only the linen clothes were lying there. Frightened, the women turned around. There stood two Angels with glittering white robes. "You are searching the living among the dead. He is not here. He has risen". The women ran to the disciples and informed them and the disciples came running to the grave and found this. They remembered Jesus saying I will rise up on the third day defeating death. Jesus appeared to them and to the two disciples who were going from Jerusalem to Emmaus. Jesus appeared to the disciples again when they sat by the Tiberius.

Jesus said, "I'm going to prepare places for you and I'll send the Holy Ghost to be with you. Go ye unto the entire world and preach the gospel. He that believes and is baptized shall be saved. (Mark 16:15)". When the disciples and others were together on the Mt. Olive Jesus blessed them. When the Holy Spirit

comes upon you, you will be filled with power and you will be witnesses for me in Jerusalem (at home), in all Judea (surroundings) and Samaria (among the foes) and to the ends of the earth (throughout the whole world).'' When they were looking at the sky a cloud hid him from sight and Jesus ascended to heaven. Two men dressed in white spoke to them. "This Jesus who was taken into heaven will come back in the same way that you saw him going to heaven.'' (Acts. 1:11) Jesus is now sitting on the right side of the Father interceding for us.

Message: The Lord Jesus is coming, back again to take them, who were bought of his blood. Let us prepare to greet Him.

പ്രവർത്തനം Activity

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്ന ചിത്രം കളർ ചെയ്യുക

മന:പാഠമാക്കുക / Learn by heart



ഓർമ്മച്ചെപ്പ്
Memory C

ടീച്ചറോട് ചോദിച്ച് കണ്ടു പിടിക്കുക, പിന്നീട് വീട്ടിൽ ചെന്ന് മാതാപിതാക്കളോടും ചോദിക്കാം.

Ask your teacher and find out. Also go home and ask your parents.

1. യേശു ക്രൂശിൽ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതുകൊണ്ട് എനിക്കെന്താണ് പ്രയോജനം?
   What benefit do I have because Jesus died on the cross and resurrected?

ഉത്തരം കണ്ടെത്തിയെങ്കിൽ ഇവിടെ നിങ്ങളുടെ തീരുമാനമായി രേഖപ്പെടുത്തുക
If you got the answer, write it hear as your decision

.....

.....

.....

.....

.....

.....

.....

.....

.....